**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2076** **09-02-2023 - ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ സുരക്ഷയ്ക്കായി വിനിയോഗിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും മുഖ്യമന്ത്രിയുടെ സുരക്ഷയ്ക്കായി ആകെ വിനിയോഗിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | രാജ്യത്ത് ഔദ്യോഗിക സുരക്ഷ നിശ്ചയിച്ചിട്ടുള്ള എല്ലാ വ്യക്തികൾക്കുമുള്ള സുരക്ഷാ ക്രമീകരണങ്ങളും അതുമായി ബന്ധപ്പെട്ട മുൻകരുതൽ നടപടികളും കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ചുള്ളതാണ്. മുഖ്യമന്ത്രിയ്ക്ക് ഇസെഡ് പ്ലസ് സുരക്ഷയാണ് ഏർപ്പെടുത്തിയിട്ടുള്ളത്. അതിനായി, കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരമുള്ള സുരക്ഷാ സംവിധാനങ്ങളാണ് മുഖ്യമന്ത്രിക്ക് നൽകി വരുന്നത്.<br>മുഖ്യമന്ത്രി ഉൾപ്പെടെയുള്ള ഇസെഡ് പ്ലസ് കാറ്റഗറിയിലെ സംരക്ഷിത വ്യക്തികൾക്ക് സുരക്ഷാ സംവിധാനങ്ങൾ നൽകുക എന്നത് പോലീസ് സേനയുടെ ഔദ്യോഗിക കൃത്യനിർവ്വഹണ ചുമതലയുടെ ഭാഗമാണ്. മതിയായ കാവൽ ഏർപ്പെടുത്തുക, സംസ്ഥാനത്തിനകത്തും പുറത്തും എല്ലാ ഘട്ടത്തിലും സുരക്ഷയ്ക്കായി മതിയായ ഉദ്യോഗസ്ഥരെ വിന്യസിക്കുക, മുഖ്യമന്ത്രിയുടെ സഞ്ചാര സ്ഥലങ്ങളെ അടിസ്ഥാനപ്പെടുത്തി മുൻകൂട്ടി നിശ്ചയിച്ചുള്ള ക്യാമ്പും, യാത്രാ സൗകര്യങ്ങളുമടക്കമുള്ള സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുക, അത്യാഹിത സാഹചര്യമുണ്ടാകുന്ന പക്ഷം അത് നേരിടുന്നതിന് ആവശ്യമായ മുൻകരുതൽ സംവിധാനങ്ങൾ ഒരുക്കുക, ഇതിലേക്ക് ആവശ്യമായ ഉയർന്ന ഉദ്യോഗസ്ഥരടക്കമുള്ളവരെ ചുമതലപ്പെടുത്തുക മുതലായവ സുരക്ഷാ നടപടികളുടെ ഭാഗമാണ്. ഈ ചെലവുകൾ പ്രത്യേകമായി കണക്കാക്കി സൂക്ഷിക്കാറില്ല. ഇസെഡ് പ്ലസ് കാറ്റഗറിയിൽ ഉൾപ്പെട്ട വ്യക്തികളുടെ സുരക്ഷാക്രമീകരണങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ സംരക്ഷിത വ്യക്തികളുടെ സുരക്ഷയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ പരസ്യപ്പെടുത്തുവാനും നിർവ്വാഹമില്ല. |

| | | | |
|---|---|---|---|
| (ബി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും മുഖ്യമന്ത്രിയുടെ സുരക്ഷയ്ക്കും യാത്രാ സംവിധാനങ്ങൾക്കുമായി വാഹനങ്ങൾ വാങ്ങുന്നതിന് ആകെ വിനിയോഗിച്ച തുക എത്രയാണെന്നും എത്ര വാഹനങ്ങൾ വാങ്ങിയെന്നും വ്യക്തമാക്കുമോ; | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത തുകകൾ എത്രയാണെന്ന് പൊതുജനങ്ങളെ അറിയിക്കുന്നത് മുഖ്യമന്ത്രിയുടെ സുരക്ഷയെ ബാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ ഏത് രീതിയിലാണ് മുഖ്യമന്ത്രിയുടെ സുരക്ഷയെ ബാധിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | (എ) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ